## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – വിജിലൻസ് സെൽ - ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃത അവധിയിൽ തുടരുന്ന പേരാമ്പ്ര സി.കെ.ജി സ്മാരക സർക്കാർ കോളേജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.കെ.ശബരീഷിനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നം: വി.സി /26594/2013/കോ.വി.വ  തീയതി : 05.07.2018**

പരാമർശം :-
1) 11.02.2008 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.248/08/ഉ.വി.വ.
2) 02.07.2013 തീയതിയിലെ സർക്കാരിന്റെ 18251/എഫ്.1/ 2013/ഉ.വി.വ നമ്പർ കത്ത്.
3) 26.07.2013 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4) 03.09.2013 തീയതിയിലെ പ്രിൻസിപ്പാളിന്റെ ബി.1/153/2007 നമ്പർ കത്ത്.
5) 24.09.2014 തീയതിയിലെ അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.
6) 06.02.2015 തീയതിയിലെ അന്വേഷണ റിപ്പോർട്ട്.
7) 28.03.2015 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8) 16.06.2015 തീയതിയിൽ പബ്ലിക് റിലേഷൻസ് വകുപ്പിനയച്ച ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
9) 17.11.2016, 19.01.2017 തീയതികളിലെ ശ്രീ.പി.കെ.ശബരീഷിന് അയച്ച ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ.
10) 01.04.2017 തീയതിയിൽ ഈ ഓഫീസിൽ നിന്നും പബ്ലിക് റിലേഷൻസ് വകുപ്പിനയച്ച മേൽ നമ്പർ കത്ത്
11) 11.10.2017 തീയതിയിൽ ഈ ഓഫീസിൽ നിന്നും സർക്കാരിലേയ്ക്ക് അയച്ച മേൽ നമ്പർ കത്ത്
12) 24.05.2018 തീയതിയിലെ സർക്കാരിൽ നിന്നുള്ള എഫ്1/01/2018/ഉ.വി.വ നമ്പർ കത്ത്

### ഉത്തരവ്

പേരാമ്പ്ര, സി.കെ.ജി.എം.സർക്കാർ കോളേജിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.പി.കെ.ശബരീഷിന് പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് തീയതിയായ 11.02.2008 മുതൽ ആറു മാസത്തിനകം ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 01.05.2012 വരെ കേരളാ സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം 12 എ പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.03.2008 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ.പി.കെ.ശബരീഷ്, 02.05.2012 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് പകരം അനധികൃതമായി അവധിയിൽ തുടരുകയും 24.12.2012 തീയതിയിൽ 5 വർഷത്തേയ്ക്ക് കൂടി

5133373

GOVERNMENT OF KERALA 2017-18

അവധി ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. ശ്രീ.പി.കെ.ശബരീഷിന്റെ അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയുണ്ടായി. കെ.എസ്.ആർ. ഭാഗം I അനുബന്ധം 12 എ പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധി അനുവദിച്ച് കിട്ടാതെ അനുഭവിക്കുന്ന ജീവനക്കാരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യേണ്ടതാണെന്ന് ചട്ടം 9-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ശ്രീ.പി.കെ.ശബരീഷിനെതിരെ കെ.എസ്.ആർ. ഭാഗം I അനുബന്ധം 12 എ ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശം 2 കത്തിലൂടെ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയ ശൂന്യവേതനാവധി 01.05.2012 തീയതിയിൽ അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ, അവധി അനുവദിച്ച് കിട്ടാതെ അനധികൃതമായി വിദേശത്ത് ജോലിയിൽ തുടരുന്ന ശ്രീ.പി.കെ.ശബരീഷിനെതിരെ പരാമർശം 2 സർക്കാർ കത്തിലെ നിർദ്ദേശാനുസരണം 1960-ലെ കേരള സിവിൽ സർവ്വീസസ് ( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ട പ്രകാരമുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം 3 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുമുണ്ടായി. കുറ്റപത്രവും കുറ്റാരോപണ പത്രികയും 16.08.2013 തീയതിയിൽ ശ്രീ.പി.കെ.ശബരീഷ് കൈപ്പറ്റുകയുണ്ടായെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിലോ അതിനുശേഷമോ ടിയാൻ യാതൊരുവിധ പ്രതിവാദങ്ങളും നേരിട്ടോ അല്ലാതെയോ സമർപ്പിക്കുകയുണ്ടായില്ല. പരാമർശം 4, പ്രിൻസിപ്പാളിന്റെ കത്തിലും ശ്രീ.പി.കെ.ശബരീഷ് യാതൊരുവിധ പ്രതിവാദങ്ങളും കോളേജ് ഓഫീസിൽ സമർപ്പിച്ചിട്ടില്ലെന്ന് ഈ ഓഫീസിനെ അറിയിക്കുകയുണ്ടായി. തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം 5 ഉത്തരവ് പ്രകാരം കോഴിക്കോട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ നിയോഗിച്ച് ഉത്തരവായിരുന്നു.

പരാമർശം 6 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ശ്രീ.പി.കെ.ശബരീഷോ ടിയാന്റെ പ്രതിനിധിയോ അന്വേഷണത്തിന് ഹാജരായില്ലെന്നും 01.05.2012 വരെ അനുവദിക്കപ്പെട്ട ശൂന്യവേതനാവധിക്ക് ശേഷവും ടിയാൻ അനധികൃത അവധിയിൽ വിദേശത്താണെന്ന് ബോധ്യപ്പെട്ടുവെന്നും ആയതിനാൻ ശ്രീ.പി.കെ.ശബരീഷിന് എതിരെ ഗുരുതരമായ അച്ചടക്ക ലംഘനത്തിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്ന-

159974

താണെന്നും ശുപാർശ ചെയ്തിരുന്നു. റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സിവിൽ സർവീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 11 (vii) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുവാൻ താത്ക്കാലിക തീരുമാനം കൈക്കൊണ്ട്, പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് പരാമർശം 7 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ശ്രീ.പി.കെ.ശബരീഷിന്റെ വിദേശത്തെ മേൽ വിലാസത്തിൽ അയച്ച് കൊടുത്ത കാരണം കാണിക്കൽ നോട്ടീസിന് യാതൊരുവിധ മറുപടിയും ടിയാനിൽ നിന്നും ലഭിക്കുകയുണ്ടായില്ല. തുടർന്ന് താത്ക്കാലിക തീരുമാനം നടപ്പിൽ വരുത്തുന്നതാണെന്ന് അറിയിച്ച് കേരളത്തിലെ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി പരാമർശം 8 പ്രകാരം വിൻഡൊ പരസ്യം നൽകുകയും ആയത് പ്രസിദ്ധീകരിക്കുകയുമുണ്ടായി. തുടർന്നും യാതൊരുവിധ മറുപടിയും ലഭിക്കുന്നതിനാൽ കാരണം കാണിയ്ക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാന്റെ നാട്ടിലെ മേൽ വിലാസത്തിലും വിദേശത്തെ മേൽ വിലാസത്തിലും പരാമർശം 9 കത്തുകൾ പ്രകാരം അയച്ചിരുന്നുവെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി.

ശ്രീ.പി.കെ.ശബരീഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിച്ച് നൽകിയ കാരണം കാണിയ്ക്കൽ നോട്ടീസും തുടർന്ന് ഈ ഓഫീസിൽ നിന്നും നൽകിയ (പരാമർശം 9) കത്തുകളും കൈപ്പറ്റാതെ തിരികെ ലഭിച്ചതിനെ തുടർന്ന് കാരണം കാണിയ്ക്കൽ നോട്ടീസിന്റെ പകർപ്പ് സർക്കാർ വിൻഡോയിൽ പ്രസിദ്ധീകരിക്കുന്നതിനായി പരാമർശം 10 കത്ത് പ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പിലേക്ക് അയയ്ക്കുകയും സർക്കാർ ആയത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്നും ശ്രീ.പി.കെ.ശബരീഷിൽ നിന്നും യാതൊരു വിശദീകരണവും ലഭ്യമാകാതിരുന്നതിനാൽ ശ്രീ.പി.കെ.ശബരീഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ പരാമർശം 11 കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. അനുമതി കൂടാതെ വിദേശത്ത് ജോലിയിൽ തുടരുന്ന ശ്രീ.പി.കെ.ശബരീഷിനെ 1960-ലെ കേരള സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പാലിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്ന് പരാമർശം 12 കത്ത് പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചിരുന്നു.

അവധി അനുവദിച്ച് കിട്ടാതെ അനധികൃതമായി അവധിയിൽ തുടരുന്ന ശ്രീ.പി.കെ.ശബരീഷിനെ കേരളാ സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XIIA ചട്ടം 9 പ്രകാരം, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പാലിച്ച്

139375

GOVERNMENT OF KERALA 2017-18

സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. 'ടി' ചട്ടപ്രകാരം ശ്രീ.പി.കെ.ശബരീഷിന് കുറ്റപത്രം നൽകുകയും, ഔപചാരിക അന്വേഷണം നടത്തുകയും കാരണം കാണിയ്ക്കൽ നോട്ടീസ് നൽകുകയും നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. കുറ്റപത്രം കൈപ്പറ്റിയ ശ്രീ.പി.കെ.ശബരീഷ് യാതൊരു പ്രതിവാദങ്ങളും നൽകിയിരുന്നില്ല. കാരണം കാണിയ്ക്കൽ നോട്ടീസും, നേരിൽ കേൾക്കുന്നതിനായി അയച്ച കത്തുകളും കൈപ്പറ്റാതെ തിരികെ ലഭിച്ചതിനാൽ രണ്ട് തവണ സർക്കാർ വിൻഡോയിൽ പ്രസിദ്ധീകരിച്ചെങ്കിലും ടിയാനിൽ നിന്നും യാതൊരുവിധ മറുപടിയും ലഭിക്കുകയുണ്ടായില്ല. ശ്രീ.പി.കെ.ശബരീഷിനെതിരെയുള്ള അച്ചടക്ക നടപടിയിന്മേൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളാ സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XIIA പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധി അനുവദിച്ചുകിട്ടാതെ അനുഭവിക്കുന്ന ശ്രീ.പി.കെ.ശബരീഷിന്റെ പ്രവൃത്തി ചട്ടവിരുദ്ധവും തികഞ്ഞ അച്ചടക്ക ലംഘനവുമായി കണ്ട് ചട്ടം 9, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 11(vii) പ്രകാരം ശ്രീ.പി.കെ.ശബരീഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

സീതാലക്ഷ്മി അമ്മ.എ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

SRI.P.K.SABAREESH,
21 KIRKPATRIC CT
SEVILLE GROVE,
WESTERN AUSTRALIA – 6112
ശ്രീ.പി.കെ.ശബരീഷ്,
പാറയുള്ള കണ്ടി ഹൌസ്, വട്ടോളി ബസാർ (പോസ്റ്റ്), ബാലുശ്ശേരി,
കോഴിക്കോട് – 673 623.

പകർപ്പ്

1) പ്രിൻസിപ്പാൾ, സി.കെ.ജി.എം.ഗവണ്മെന്റ് കോളേജ്, പേരാമ്പ്ര.
2) ഗവണ്മെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, സർക്കാർ കാര്യാലയം, തിരുവനന്തപുരം.
4) സി 3 സെക്ഷൻ
5) കരുതൽ ഫയൽ / നടപ്പ് ഫയൽ.

പി.ജി:06.07.2018

139937